## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1957 19.06.2012 ൽ മറുപടിയ്ക്ക്

## വാഹനങ്ങളിൽ ഉപയോഗിക്കാവുന്ന ലൈറ്റുകൾ

| ചോദ്യം<br>ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. പി. കെ. ബഷീർ<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങളിൽ ഉപയോഗിക്കാവുന്ന ലൈറ്റുകളുടെ തീവ്രത, ഇനം, തരം എന്നിവ സംബന്ധിച്ച് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) പ്രസ്തുത നിയമവ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്നറിയാൻ സംവിധാനമെന്താണ്; നിയമലംഘനത്തിനെതിരെ ശിക്ഷാനടപടി സ്വീകരിക്കാറുണ്ടോ; | (ബി) | വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്തും, പരിശോധനാ സമയത്തും, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന സമയത്തും നിയമ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തി നിയമലംഘനത്തിനെതിരെ മോട്ടോർ വാഹന നിയമത്തിൽ അനുശാസിക്കുന്ന ശിക്ഷാ നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ പ്രധാനപ്പെട്ട പാതകളിൽ ഹൈവേ പോലീസും ട്രാഫിക് പോലീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന പോലീസ് ഉദ്യോഗസ്ഥരും പരിശോധന നടത്തുകയും നിയമ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |
| (സി) വാഹനങ്ങളിൽ ഉപയോഗിക്കാവുന്ന ഇൻഡിക്കേറ്റർ ലൈറ്റിംഗ് സംവിധാനം സംബന്ധിച്ച് വിശദമാക്കുമോ; | (സി) | 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 102(1) പ്രകാരം കൺസ്ട്രക്ഷൻ ഇക്വിപ്മെന്റ് വാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങളിൽ ഇടത്തോട്ടും, വലത്തോട്ടും തിരിക്കുന്നതിനുള്ള അടയാളം നൽകുന്നതിനായി വാഹനങ്ങളിൽ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ഇൻഡിക്കേറ്ററുകൾ ഉണ്ടായിരിക്കണം. ഓരോ കൺസ്ട്രക്ഷൻ എക്വിപ്മെന്റ് വാഹനത്തിലും താഴെ പറയുന്ന ഉപാധികൾക്കനുസൃതമായി ഇൻഡിക്കേറ്റർ ഘടിപ്പിക്കേണ്ടതും, നിലനിർത്തേണ്ടതുമാണ്.<br>(i) ഇൻഡിക്കേറ്റർ ലാംപ് ആംബർ |

| | | |
|---|---|---|
| | | നിറത്തിലുള്ളതായിരിക്കണം. മാത്രമല്ല പ്രസ്തുത ലൈറ്റ് മിനിട്ടിൽ 60-ൽ കുറയാതെയും, 120 തവണയിൽ കൂടാതെയും മിന്നി കത്തുന്നതായിരിക്കണം.<br>(ii) ഇൻഡിക്കേറ്റർ ലാംപ് പുറപ്പെടുവിക്കുന്ന പ്രകാശം മുൻപിൽ നിന്നും, പുറകുഭാഗത്ത് നിന്നും വ്യക്തമായി കാണുവാൻ കഴിയുന്ന രീതിയിലുള്ളതായിരിക്കണം.<br>(iii) ഓരോ ഇൻഡിക്കേറ്ററിന്റെയും ഏറ്റവും കുറഞ്ഞ ഇല്യൂമിനേറ്റഡ് ഏരിയ 60 ച.സെ.മീറ്റർ ആയിരിക്കണം.<br>(എ) മേൽ പറഞ്ഞ ഉപാധികൾ എൽ 1 വിഭാഗത്തിൽപ്പെട്ട മോട്ടോർ സൈക്കിളുകൾക്ക് ബാധകമല്ല.<br>1989-ലെ കേന്ദ്ര മോട്ടോർ വാഹനചട്ടം 103(1) പ്രകാരം ഇൻഡിക്കേറ്റർ ഘടിപ്പിച്ചിട്ടുള്ളത് കൺസ്ട്രക്ഷൻ എക്വിപ്മെന്റ് വാഹനങ്ങളുടേതുൾപ്പെടെയുള്ള വാഹനങ്ങളുടെ ഡ്രൈവർമാർക്ക് ഡ്രൈവിംഗ് സീറ്റിലിരുന്നാൽ കാണുന്ന തരത്തിലായിരിക്കണം.<br>(ബി) (iii)(എ)യിൽ പറഞ്ഞത് കൂടാതെയുള്ള എല്ലാ വാഹനങ്ങൾക്കും ഇല്യൂമിനേറ്റഡ് ഏരിയ 60 ച.സെ.മീറ്റർ ആയിരിക്കണം. |
| (ഡി) വിമാനങ്ങളിലും മറ്റും ഉപയോഗിക്കുന്ന തരം അതിതീവ്ര ഫ്ളാഷ് ലൈറ്റുകൾ വാഹനങ്ങളിൽ ഉപയോഗിക്കുന്നത് നിയമവിധേയമാണോ; അതുമൂലം അപകടങ്ങൾ വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | നിയമവിധേയമല്ല. ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) മഡ് ഫ്ളാപ്പുകൾ ഇല്ലാത്ത വാഹന ഉടമകൾക്കെതിരെയും നിയമവിരുദ്ധ ഫിറ്റിങ്ങുകളുള്ള വാഹന ഉടമകൾക്കെതിരെയും നിയമാനുസൃത നടപടി സ്വീകരിക്കുമോ? | (ഇ) | നിയമാനുസൃത നടപടി സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ